# ഉർവ്വരദേവതകളും അനുഷ്ഠാനങ്ങളും

**ഡോ.പ്രജിത പി.**, അസി. പ്രൊഫസർ
മലയാളം വിഭാഗം പയ്യന്നൂർ കോളേജ്

ഏതൊരു സമൂഹത്തിനും അവരുടെ സംസ്കൃതിയുടെ ഭാഗമായി പരമ്പരാഗതമായി പകർന്നു കിട്ടുന്ന ജീവിതവിശ്വാസവും അനുഷ്ഠാന കർമ്മങ്ങളുമുണ്ടാകും. അന്നന്നു കിട്ടുന്ന അന്നത്തിനുവേണ്ടി നായാടി നടന്ന പ്രാചീന മനുഷ്യൻ ധാന്യവിളവിന്റെ സൂത്രം കണ്ടെത്തിയതോടെയാണത്രെ അലച്ചിൽ മതിയാക്കി ഒരിടത്തു തന്നെ കുടിപാർത്തു കൂടിയത്. ജീവിതായോധനത്തിന്റെ മുഖ്യോപായം കൃഷിയെന്നു വന്നുകൂടിയതോടെ അതിന്റെ സമൃദ്ധിക്കും സംരക്ഷയ്ക്കും ആവശ്യമെന്നു കരുതിപ്പോന്ന അനേകം വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും രൂപം കൊണ്ടു. വിതയ്ക്കുന്നതിന് മുമ്പ് പൊഴുതുകൊള്ളലും (പൊഴുതു മുഹൂർത്തം) കതിർമഞ്ഞളിക്കുമ്പോൾ 'പുള്ളോന്റെ ചിവോതിപ്പാട്ടും' വിളകൊയ്യലിന്റെ ആദ്യപടിയായ ''പെരുക്കലു'മൊക്ക നൂറ്റാണ്ടുകളുടെ പഴക്കമുള്ളതും കാർഷിക സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നതുമായ ഉർവ്വരതാ ചടങ്ങുകളാണ്. വിത്തെടുത്തു വെക്കുമ്പോഴും വിത്തുകിതിർക്കുമ്പോഴും, വാളാൻ തുടങ്ങുമ്പോഴും ദേവീദേവന്മാരെ മുൻനിർത്തിയുള്ള അനേകം അനുഷ്ഠാനങ്ങൾ കാണാം.

കന്നിമാസത്തിലെ മകം നാളിൽ തറവാട്ടുമുറ്റത്തെ കളത്തിൽ വിളക്കും തളികയും വെച്ചു ഋതുമതിയാകാത്ത പെൺകുഞ്ഞുങ്ങൾ ഉരലിൽ ഉണക്കലരിയും തുമ്പപ്പൂവുമിട്ട് ഒഴിച്ച വെള്ളത്തിൽ ഉലക്കകൊണ്ടു കുത്തുന്ന മകം അനുഷ്ഠാനത്തെ സദ്ഫല പ്രാപ്തിക്കായുള്ള ഉർവ്വരതാ കർമ്മമായി വേണം കണക്കാക്കാൻ. വിത്തു വിതയ്ക്കുമ്പോഴും കൊയ്ത്തു തുടങ്ങുമ്പോഴും തറവാട്ടിനകത്തെ പൂജാമുറിയിൽ നിലവിളക്കുകൊളുത്തിവെക്കുന്നതും കൊയ്തു കൊണ്ടു വരുന്ന കതിർക്കറ്റ മുറ്റത്തെ കന്നിമൂലയിൽ നാട്ടിയ കാഞ്ഞിരക്കൊമ്പിന്നരികിലെ വിരിച്ചുവെച്ച നാക്കിലയിൽ വെക്കുന്നതും ശ്രദ്ധേയമാണ്.

നെന്മണികളെ 'ചീയോതി' (ശ്രീഭഗവതി) യായി കണ്ട ആ പൂർവ്വികർ വയലിനെ ക്ഷേത്രമായാണ് കരുതിവന്നത്. അതിനാൽ വയൽ തൊട്ടു സത്യം ചെയ്യുന്ന പതിവുപോലും പണ്ടുണ്ടായിരുന്നു. കർക്കടകമാസത്തിൽ ഊർവ്വരാരാധനയുടെ ഭാഗമായി വടക്കൻ കേരളം ഭക്തിപൂർവ്വം ആചരിച്ചിരുന്ന ചടങ്ങായിരുന്നു "നിറ" പത്തോളം പച്ചിലകൾ ചേർത്തുവെച്ചു അതിനു നടുവിൽ "ആണ്ടക്കണ്ട'ണ്ടത്തിലെ നെൽക്കതിർ വിശുദ്ധിയോടെ കൊണ്ടുവന്നു വെച്ചാണ് 'നിറയ്ക്കാനുള്ള' 'നിറയോലം' തയ്യാറാക്കിയിരുന്നത്. ആലയിലും പത്തായത്തിനും കൊട്ടിലകത്തിനും പൂജാമുറിയിലും പ്രാർത്ഥനാനിർഭരമായ മനസ്സോടെയാണ് നിറയോലം ചാർത്തിയിരുന്നത്. ഇല്ലം നിറഞ്ഞ്, വല്ലം നിറഞ്ഞ്, പത്തായം നാലും നിറക്കാനുള്ള പ്രാർത്ഥനയാണെതിൽ മുഴങ്ങിയിരുന്നത്.

ഇതേവിധത്തിൽ ആരാധനാപൂർവ്വമായാണ് 'പുത്തരി' ആഘോഷവും അരങ്ങേറിയിരുന്നത്. പുതിയ അരി ആദ്യമായി വീട്ടിൽ കയറ്റുന്നതും പ്രാർത്ഥനയോടെ 'അഗ്രാശനം' (ആദ്യത്തെ തീറ്റി) നടത്തുന്നതും കർഷകഭവനങ്ങളിൽ ഇന്നും അപൂർവ്വമല്ല. പൂജാമുറിയിൽ ഉർവ്വരദേ

വതകൾക്ക് നിവേദിച്ച പുതിയ അരിയുടെ അവിലാണ് തേനും കൽക്കണ്ടവും പഴവും ചേർത്ത് കുഴച്ച് ഉരുളയാക്കി 'ആക്രാണം' ആക്കുന്നത്. തറവാട്ടു പൂമുഖത്തു നിരന്നിരിക്കുന്ന കുഞ്ഞുകുട്ടി കിടാങ്ങൾക്കും കാരണവർക്കും മറ്റും ഗ്രാമക്ഷേത്രത്തിൽനിന്ന് നിശ്ചയിച്ച നല്ല മുഹൂർത്തത്തിലാണ് അത് നൽകുന്നത്. നല്ലനാൾ നോക്കി ആദ്യ അരി ഭക്ഷിച്ചവർക്ക് പിന്നൊരു വർഷക്കാലം പട്ടിണിയുണ്ടാകില്ലാന്നാണ് വിശ്വാസം. ആധുനികന്മാർക്ക് ആയുക്തികങ്ങളായി തോന്നാമെങ്കിലും പരമ്പരാഗതമായി കൈമാറിക്കിട്ടിയ ഈ വിശ്വാസധാരകൾ ഇന്നും മറഞ്ഞു കിടപ്പുണ്ടാകും ഈ മനസ്സുകളിൽ.

കാർഷികസംസ്കൃതിയെ മുഖ്യമായി കരുതിപ്പോന്ന സമൂഹത്തിന്ന് അതിന്റെ ഐശ്വര്യത്തിന്ന് കാര്യകാരണങ്ങൾ നിരത്താൻ ഏറെയുണ്ട് സാക്ഷ്യങ്ങൾ. വിളവുണ്ടാകാനും വിളവുകാക്കുവാനും അതനുഭവയോഗ്യമാക്കുവാനും ഒട്ടേറെ ദേവതാഗണങ്ങളുമുണ്ട് കുറത്തി, കാലിച്ചേകോൻ, പൂലിന്റെ കീഴിലെ തെയ്യം എന്നിവ മൂന്നുദാഹരണം മാത്രം.

പൂരക്കളിയിലെ ആണ്ടും പള്ളും കാർഷികവൃത്തിയുടെ മാഹാത്മ്യമാണ് വിളിച്ചോതുന്നത്. ആണ്ടാറും പള്ളത്തിയുമായി ശിവപാർവ്വതിമാർ വേഷം പൂണ്ട് കൃഷി ചെയ്യുന്ന കഥയാണത്. ഇതേ വിധം ശ്രീ പാർവ്വതി പുത്രിയായി പിറന്ന കുറത്തിമലനാട്ടിലെ വയൽ ദേവതയായി ഭൂമിയിലേക്ക് ഇറങ്ങി വരികയാണ്. മണിയറ ചന്തു എന്ന ഭക്തനുവേണ്ടി വെറ്റിലക്കൊടികൃഷി കാത്തുകിടന്ന കുറത്തി അതിലൊരു വെറ്റില നുള്ളിയ ചന്തുവിന്റെ സഹോദരി ഉണ്ണങ്ങയെ ജീവനെടുത്താണത്രെ ശിക്ഷിച്ചത്. വയൽ നിലത്ത് സത്യധർമ്മാദികൾ പരിപാലിക്കുന്ന കുറത്തിത്തെയ്യത്തിന് അടിമാച്ചിയും മുറവും ഉരലും ഉലക്കയുമൊക്കെ അനുഷ്ഠാനായുധങ്ങളാണ്. നല്ലവിളവുകിട്ടിയാൽ തറവാട്ടിൽ കുറത്തിത്തെയ്യത്തെ കെട്ടിയാടിച്ച് ഉപകാരസ്മരണ നിർവ്വഹിക്കുന്ന ഗ്രാമീണ മനസ്സുകൾക്ക് ഇന്നും പഞ്ഞമില്ല. ഉർവ്വരതാദേവി എന്ന നിലയിൽ നൂറ്റാണ്ടുകളായി ആരാധിച്ചുവരുന്ന തെയ്യമാണ് കുറത്തി.

മറ്റൊരു മുഖ്യ ഉർവ്വരദേവനാണ് കാലിച്ചേകോൻ. കാലിച്ചാൻ എന്ന പേരിനാണ് ഗ്രാമീർക്കിടയിൽ പ്രസിദ്ധി. "നട്ടുനനച്ചേടത്തും കരിച്ചു. പാളിയേടത്തും ഒന്നിനുപത്തായി" ഐശ്വര്യത്തെ പൊഴിച്ചുതരുന്ന ദേവനാണ് താനെന്ന് തെയ്യം തന്നെ വിളിച്ചു പറയും. വയൽകൃഷിയിലും പുനം കൃഷിയിലും സർവ്വഭദ്ര സംരക്ഷണം കാലിച്ചേകോനാണത്രെ നൽകിവരുന്നത്. കാട്ടിടകളിൽ കാഞ്ഞിരമരച്ചുവടാണ് കാലിച്ചേകോന്റെ ആരൂഢം പുനം കരിച്ചുവെക്കുമ്പോഴും വിത്തുവാളുമ്പോഴും കാലിച്ചാന് ഊട്ടു നടത്തുക പതിവാണ്.

തുലാംപത്തിന് വടക്കൻ കേരളഗ്രാമത്തറവാടുകളിൽ 'പത്താവത' (പത്താമുദയം) അടിയന്തരത്തോടൊപ്പം 'കാലിച്ചാനൂട്ട്' നടത്താറുണ്ട്. പ്രഭാതത്തിൽ കളിച്ചു കുറിയ.... വരച്ച ആൺകുട്ടികൾ ആലയിൽ കന്നിമൂലയിൽ അടുപ്പുകൂട്ടി ഉണ്ടാക്കുന്ന ഉണക്കലരി പായസമാണ് കാലിച്ചാണ് ഊട്ടാൻ നിവേദിക്കുന്നത്. കന്നുകാലികളെ കൂടി കാത്തുപോരുന്ന ദേവന്നായതു കൊണ്ടാണല്ലോ കാലിച്ചേകോൻ എന്ന പേരുവന്നത്. കാലിച്ചാൻ കാൽനീളമുള്ള, കരുത്തോലത്തൊങ്ങളുള്ള ഓലക്കുടചൂടി, തിടിയുടെയും കിണ്ണത്തിന്റെയും താളലയത്തിൽ ഓരോ തറവാട്ടു തൊടിക്കിപ്പുറത്തെത്തി കീർത്തനങ്ങൾ പാടുന്ന പതിവ് ഇന്നുമുണ്ട്. കാലിച്ചാൻ ആടിപ്പാടിയിൽ വിളസമൃദ്ധിയും കന്നുകാലിസമ്പത്തും ഉണ്ടാകുമെന്നാണ് പരമ്പരാഗത വിശ്വാസം.

കണ്ടോത്ത് ശ്രീ കുറുംബക്കാവിൽ മാത്രം കെട്ടിയാടിവരുന്ന ഉർവ്വരാരാധാനയുടെ ഉത്തമദൃഷ്ടാന്തമായ ഒരു തെയ്യമാണ് പൂലിന്റെ കീഴിലെ തെയ്യം. പുലത്തിൽ പണിചെയ്യുന്ന ഒരു പുലയപ്പണിക്കാരന്റെ വേഷവും ഭാവവുമാണ് ഈ തെയ്യത്തിന്ന്. വഴുക്കുപുരണ്ട ഒരു ചെറുമുണ്ടും അതിനുമേലുറപ്പിച്ച തുടലും കത്തിയുമായി അരങ്ങിലിറങ്ങുന്ന തെയ്യത്തിന് ഇടതു കവിളിൽ വലിയൊരു കരിമഷിതേപ്പാണ് മ'ുഖത്തെഴുത്ത്' തലയിൽ കോട്ടുപാളയാണ് തിരുമുടി. വിളിപ്പുറത്തോടിയെത്തുന്ന ദൈവമെന്ന

ബോധത്താൽ അനേകായിരങ്ങളുള്ള കാണിക്ക തെയ്യത്തിന് ലഭിക്കുന്നു. ഈ യടുത്ത കാലത്ത് സ്വർണ്ണത്തലപ്പറവണിയാൻ തുടങ്ങിയിട്ടുണ്ട്.

അയിത്തക്കാരനാണ് താനെന്ന് ഓർമ്മിപ്പിക്കുന്ന 'ചോയാ' എന്നൊരു ഉരിയാട്ടുമാത്രമാണ് തെയ്യത്തിന്റെ വാചികാഭിനയം. അടുത്തും അകലെയുമുള്ള അനേകം ഭക്തന്മാർ കാണിക്കയായി ഭക്തിപൂർവ്വം സമർപ്പിക്കുന്നത് വൈക്കോൽ കീതക്കൊട്ടയിൽ നിറച്ച നെൽവിത്തുകളാണ്. കാവിമുറ്റത്ത് ചൊരിഞ്ഞ് കുമിഞ്ഞുകൂടിയ നെൽവിത്തു കൂനയ്ക്കരികിലാണ് വിശ്വാസത്തിളക്കമേറിയ പൂലിന്റെ കീഴിൽ തെയ്യം നിൽക്കുക. പൂൽമരച്ചുവട്ടിൽ ദർശനം നൽകിയതിനാൽ തെയ്യം പൂലിന്റെ കീൽ തെയ്യമായതാണത്രെ. അതല് പുൽ (Fertility) ഉണ്ടാക്കി സമൃദ്ധമായ വിളവു നൽകുന്നതിനാലാണ് ആ പേരുണ്ടായതെന്ന് വാദിക്കുന്നവരും കുറവല്ല.

മാവിലന്മാർ പുനംകൃഷിതുടങ്ങുമ്പോൾ കെട്ടിയാടിച്ചുവരുന്ന കൊടുവാളൻ തെയ്യവും ഈ ഗണത്തിലാണ് പെടുന്നത്. കൊട്ടു പാട്ടും പ്രാർത്ഥനയുമായാണ് അവർ കൃഷി എന്ന 'പുണ്യ പ്രവൃത്തി' ചെയ്യുന്നത്.

ഒരന്നം പോലും തൂവിപ്പോകാതെ സൂക്ഷ്മതയോടെ ഊണുകഴിച്ചിരുന്ന പൂർവ്വികർ അരിയെയും അന്നത്തെയും ദൈവികമായി കരുതിയിരുന്നു. അന്നം ജീവനാണ്. അതുല്പാദിപ്പിക്കുന്നവർ പൂജാരിയാണെന്ന് തോറ്റംപാട്ടുകൾ വിളിച്ചോതുന്നു. കാർഷിക സംസ്കാരം മിക്കവാറും കളമൊഴിഞ്ഞ പുതിയ കാലത്ത് ഗൃഹാതുരതയോടെ മനസ്സിലലിഞ്ഞ ഊർവ്വരചിന്തകളെ ഉണർത്തി എന്നേയുള്ളൂ. നാം വന്ന വഴികളെ ഓർത്തെടുത്തും എന്നേയുള്ളൂ....

ഗ്രന്ഥസൂചി:

1. കരിപ്പത്ത്. ആർ.സി, ഡോ:, 2013, തെയ്യപ്രപഞ്ചം, കൈരളി ബുക്സ്, കണ്ണൂർ
2. ശ്രീധരൻ.എം.കെ, ശ്രീരാഗം, 2012, കോസ്മോ ബുക്സ് കോട്ടയം
3. കരിപ്പത്ത്, ആർ.സി, ഡോ:, 2007, കോലത്തുനാട്ടിലെ തെയ്യം കഥകൾ, നാട്ടുസംസ്കൃതി, പയ്യന്നൂർ